**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5134** | **02-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ തസ്തികകളെ കുറിച്ചുള്ള പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി സംസ്ഥാനത്തെ കാർഷിക വികസന-കർഷക ക്ഷേമ വകുപ്പിലെ നിലവിലുള്ള തസ്തികകളെ കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽ കാർഷിക വികസന കർഷക- ക്ഷേമ വകുപ്പിലെ നിലവില്ലുള്ള തസ്തികകളെ കുറിച്ച് "ഹ്യൂമൺ റിസ്സോഴ്സ് ഡയഗോണോസ്റ്റിക്സ് ഇൻ അഗ്രികൾച്ചർ ആന്റ് ഫാർമേഴ്സ് വെൽഫെയർ ഡിപ്പാർട്ട്മെന്റ്" എന്ന പഠനം നടത്തുന്നതിനായി M/s C.S Datamation Pvt Ltd എന്ന സ്ഥാപനത്തെ ടെൻഡർ നടപടി മുഖാന്തിരം ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് തയ്യാറായി വരുന്നു. |
| (ബി) | എങ്കിൽ സർക്കാർ വകുപ്പുകളിൽ ഇത്തരം പഠനം നടത്തുന്നതിലുള്ള പ്രസ്തുത ഏജൻസിയുടെ മുൻപരിചയം, രാജ്യത്തെ ഏതെങ്കിലും സർക്കാർ വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത ഏജൻസി നടത്തിയ പഠന റിപ്പോർട്ട് എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | സർക്കാർ വകുപ്പുകളിൽ ഇത്തരം പഠനം നടത്തുന്നതിൽ പ്രസ്തുത ഏജൻസിയുടെ മുൻപരിചയം ചുവടെ ചേർക്കുന്നു. • കേന്ദ്ര കൃഷി വകുപ്പ് മന്ത്രാലയത്തിലെ Sub-Mission on Plant Protection & Quarantine Systems (PPQS), മാനുഷിക വിഭവശേഷി, പുന:സംഘടന, നവീകരണം എന്നിവയെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. • കേന്ദ്ര നാളികേര വികസന ബോർഡിനും, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Directorate of Marketing & Inspection (DMI) യുടെ ശാക്തീകരണത്തിനു വേണ്ടിയും, അഗ്മാർക്ക് (Agmark) ഗ്രേഡിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ ഏജൻസി പഠനം നിലവിൽ നടത്തികൊണ്ടിരിക്കുന്നു. ഇതു കൂടാതെ ഇതര കാർഷിക അനുബന്ധ മേഖലകളിലും പ്രസ്തുത ഏജൻസി 10-ൽ അധികം പഠനങ്ങൾ നടത്തിയിട്ടുണ്ട്. |
| (സി) | പഠനവുമായി ബന്ധപ്പെട്ട് പ്രസ്തുത ഏജൻസി വിവര ശേഖരണത്തിനായി തയ്യാറാക്കിയ ചോദ്യാവലി വിവിധ ജില്ലകളിലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള ഏതെല്ലാം ഓഫീസുകളിൽ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; വിവര | (സി) | കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും / ഓഫീസുകളിലെയും എല്ലാ വിഭാഗം ജീവനക്കാർക്കും വിവിധ തരം ചോദ്യാവലികൾ നല്കിയിരുന്നു. വിവര ശേഖരണത്തിന്റെ ഭാഗമായി പ്രസ്തുത ഏജൻസി |

| | | | |
|---|---|---|---|
| | ശേഖരണത്തിന്റെ ഭാഗമായി പ്രസ്തുത ഏജൻസി വിവിധ ജില്ലകളിൽ ഫീൽഡ് സന്ദർശനം നടത്തിയതും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ പ്രവൃത്തിക്കുന്നതുമായ ഓഫീസുകൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | | തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ നടത്തിയ ഫീൽഡ് സന്ദർശനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം 1. Central Soil Testing laboratory, Parottukonam 2. Fertilizer Quality Control Lab, Parottukonam 3. Pesticide Testing Lab, Parottukonam 4. Bio Fertilizer Lab, Parottukonam 5. Seed Testing Lab 6. Farm Information Bureau 7. Research testing & Training Centre, Vellayani 8. Regional Biogas Development and Training Centre, Vellayani 9. Regional Agricultural Technology &Training Centre , Kazhakootam 10. Bio Technology and Model Flori Culture Centre, Kazhakootam 11. Coconut Nursery, Kazhakootam 12. State Agriculture Management & Extension Training Institute (SAMETI), Anayara 13. Small Farmers Agri Business Consortium (SFAC) 14. Office of the Assistant Executive Engineer, Anayara 15. Principal Agricultural Office, Thiruvananthapuram 16. Directorate of Agriculture 17. Agricultural Urban Whole Sale Market, Anayara 18. State Horticulture Mission (SHM) 19. Directorate of Soil Conservation and Soil Survey ആലപ്പുഴ 1. State Agmark Grading Laboratory 2. Soil testing Laboratory 3. Office of the Project Director , ATMA 4. Kerala Centre for Pest Management, Mancombu 5. Office of the Assistant Director of Agriculture Champakkulam കാർഷിക മേഖലയെ മഴയുടെ അളവ്, ഭൂപ്രകൃതി, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, മണ്ണിന്റെ തരം എന്നിവയുടെ അടിസ്ഥാനത്തിൽ 5 കാർഷിക പാരിസ്ഥിതിക മേഖലകളിലായി (Agro Ecological Zones) വിഭജിച്ച് ഓരോ അഗ്രോ എക്കോളജിക്കൽ സോണുകളിലെ ഒരു പഞ്ചായത്തും, പഞ്ചായത്തിലെ കൃഷി ഭവനും പഠന ടീം സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചു . ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. AEZ 1 - കോസ്റ്റൽ പ്ലെയിൻ - ആലപ്പുഴ ജില്ലയിലെ നെടുമുടി പഞ്ചായത്ത് AEZ 2 - മിഡ് ലാന്റ് ലാറ്ററൈറ്റ് - മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം പഞ്ചായത്ത് AEZ 3- ഫുട്ട് ഹിൽസ് - എറണാകുളം ജില്ലയിലെ പല്ലാരിമംഗലം പഞ്ചായത്ത് AEZ 4- ഹൈ ഹിൽസ് - ഇടുക്കി ജില്ലയിലെ സേനാപതി പഞ്ചായത്ത് AEZ 5 പാലക്കാട് പ്ലെയിൻസ് - പാലക്കാട് ജില്ലയിലെ ആലത്തൂർ പഞ്ചായത്ത് |
| (ഡി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി | (ഡി) | ഉണ്ട്; റീബിൽഡ് കേരള ഇന്ഷ്യേറ്റീവിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനെ കൂടാതെ കൃഷിയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വകുപ്പിൽ നിലവിലുള്ള തസ്തികകളെ കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൂടാതെ മണ്ണ് പര്യവേക്ഷണ കേന്ദ്രത്തിലെ മാനുഷിക വിഭവ ശേഷിയെ സംബന്ധിച്ചും സി.എസ്സ്. ഡാറ്റമേഷൻ പ്രൈവറ്റ് ലിമിറ്റഡ്, പഠനം നടത്തിയിട്ടുണ്ട്. കൃഷി വകുപ്പ് ഡയറക്ടറും പ്രസ്തുത ഏജൻസിയും ഒപ്പിട്ട ധാരണ പത്രം അനുസരിച്ചാണ് മണ്ണ് പര്യവേക്ഷണ കേന്ദ്രത്തിലെ പഠനം നടത്തിയിട്ടുള്ളത്. ആയതിന്റെ അന്തിമ റിപ്പോർട്ട് തയ്യാറായി വരുന്നു. |

സെക്ഷൻ ഓഫീസർ